# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2548** **06.12.2018-ൽ മറുപടിക്ക്**

## ആലത്തൂർ നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാര മേറ്റശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച വൈദ്യുത പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ ഡി ഡി യു ജി ജെ വൈ പദ്ധതിയിലുൾപ്പെടുത്തിയും ബോർഡിന്റെ തനതു ഫണ്ടുപയോഗിച്ചും ചെയ്ത പ്രവൃത്തികൾക്കായി ഏകദേശം 228.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ MLASDF ഫണ്ടിൽ നിന്നുള്ള 25 ലക്ഷം രൂപയുൾപ്പെടെ ചെലവഴിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികളും ഉൾപ്പെടുന്നു. മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി 4467 സർവ്വീസ് കണക്ഷനുകൾ നൽകുകയും 9.352 കി.മീ എച്ച്.ടി ലൈനുകളും 53.45 കി.മീ എൽ.ടി. ലൈനുകളും വലിക്കുകയും 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 67.04 കി.മീ ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുകയും 17.76 കി.മീ ലൈൻ കൺവേർഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.<br>ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന വടക്കഞ്ചേരി 110 കെ.വി സബ്സ്റ്റേഷനേയും നെന്മാറ 66 കെ.വി സബ്സ്റ്റേഷനേയും ബന്ധിപ്പിച്ചു കൊണ്ട് ഒരു പുതിയ 110 കെ.വി ലൈനിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് വടക്കഞ്ചേരി സബ്സ്റ്റേഷനിൽ ഒരു പുതിയ ബേയും നിർമ്മിച്ചു വരുന്നു. |
| (ബി) | മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകാമോ? | (ബി) | 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ |

| | | | |
|---|---|---|---|
| | | | വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച "ദ്യുതി-2021"പദ്ധതി പ്രകാരം വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. "ദ്യുതി-2021"പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിലെ വിതരണ മേഖലയിൽ 2024.01 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ